# പ്രശ്നങ്ങൾ സങ്കീർണ്ണമാണ്..... യോജിച്ച പോരാട്ടമാണ് പോംവഴി

സഖാക്കളെ സുഹൃത്തുക്കളെ,

ബി.ജെ.പി നേതൃത്വത്തിലുള്ള NDA സർക്കാർ അധികാരത്തിൽ വന്നതോടെ കേന്ദ്ര സർക്കാരും രാജസ്ഥാൻ ഉൾപ്പെടെയുള്ള ചില സംസ്ഥാന സർക്കാരുകളും രാജ്യത്തെ തൊഴിൽ നിയമങ്ങൾ തൊഴിലുടമകൾക്കായി തിരുത്തിയെഴുതുകയാണ്. രാജസ്ഥാനിലെ തൊഴിലാളി വിരുദ്ധ നിയമഭേദഗതിക്ക് കോൺഗ്രസും ബി.ജെ.പിയോടൊപ്പം ചേരുകയാണ് ചെയ്തത്. തങ്ങൾക്കാവശ്യമുള്ള ഒരു സർക്കാരിനെ തെരഞ്ഞെടുക്കാനുള്ള പ്രക്രിയയിൽ കോടികളാണ് രാജ്യത്തെ മുതലാളിമാർ മുതൽമുടക്കിയത്. ഈ തുക പലിശസഹിതം തിരിച്ചുകിട്ടാൻ എല്ലാ ശ്രമവും മുതലാളിമാർ നടത്തുകയാണ്. അതിന്റെ ഉത്തമമായ തെളിവാണ് മുതലാളിമാർക്ക് വേണ്ടി നിയമ നിർമ്മാണം നടത്താൻ പുതിയ സർക്കാരിനെ പ്രേരിപ്പിച്ചത്. രാജസ്ഥാൻ സർക്കാർ പാസാക്കിയ നിയമമനുസരിച്ച് 300 വരെ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ തന്നെ തൊഴിലാളികളെ പിരിച്ചുവിടാനും ഫാക്ടറി അടച്ചുപൂട്ടാനും കഴിയും. 40 വരെ തൊഴിലാളികൾ ഉള്ള വൈദ്യുതി ഉപയോഗിക്കുന്ന ഫാക്ടറികളും 20 വരെ തൊഴിലാളികൾ ഉള്ള വൈദ്യുതി ഉപയോഗിക്കാത്ത ഫാക്ടറികളും ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ നിന്ന് പുറത്താകും. അതായത് മിനിമം വേതനം, ESI, P.F, ക്ഷേമപെൻഷനുകൾ തുടങ്ങിയ എല്ലാ സാമൂഹ്യസുരക്ഷാ പദ്ധതികളിൽ നിന്നും ഇവർ പുറത്താകുകയാണ്. രാജ്യത്ത് ഈ നിയമം നടപ്പായാൽ 70%ൽ അധികം വരുന്ന വ്യവസായ യൂണിറ്റുകളിലെ തൊഴിലാളികളും അരക്ഷിതരാകും. ഫലത്തിൽ ബ്രിട്ടീഷ് സാമ്രാജ്യം രാജ്യത്തെ തൊഴിലാളികൾക്ക് അനുവദിച്ച ക്ഷേമനിയമങ്ങൾ "മോദി സാമ്രാജ്യത്വം" അവരിൽ നിന്ന് തിരിച്ചെടുക്കുകയാണ്.

ജനങ്ങളുടെ നികുതിപ്പണം കൊണ്ട് കെട്ടിപ്പടുത്ത പൊതുമേഖലാ സ്ഥാപനങ്ങൾ അന്താരാഷ്ട്ര മുതലാളികൾക്ക് വിൽക്കുകയാണ്. തന്ത്രപ്രധാനമായ ആയുധമേഖലയും BSNL പോലുള്ള നവരത്ന കമ്പനികളും "തൂക്കി വിൽക്കുകയാണ്". തൊഴിലാളികളുടെ ജീവിത സമ്പാദ്യവും പി.എഫ് നിക്ഷേപവും ഓഹരി ചൂതാട്ടത്തിന് വിട്ടുകൊടുക്കാനുള്ള നീക്കം ആശങ്കജനകമാണ്. EPF പെൻഷൻ ശമ്പളപരിധി 15,000രൂപയിൽ കൂടുകയാണെങ്കിൽ, പെൻഷൻ ഫണ്ടിലേക്കുള്ള സർക്കാർവിഹിതം (1.16%) തൊഴിലാളികൾതന്നെ നൽകണം. പെൻഷൻ കണക്കാക്കുന്നതിനുള്ള ശമ്പളം അവസാനത്തെ 12 മാസത്തെ ശമ്പളത്തിന്റെ ശരാശരിയായിരുന്നത് 60 മാസത്തെ ശരാശരിയാക്കി മാറ്റിയിരിക്കുന്നു. അധികാരത്തിലേറി വെറും 100 ദിവസങ്ങൾക്കുള്ളിൽ ഇത്രയധികം തൊഴിലാളിവിരുദ്ധ നയങ്ങൾ സ്വീകരിച്ച സർക്കാർ ഇതിനുമുമ്പുണ്ടായിട്ടില്ല. കേന്ദ്ര സർക്കാരിന്റെ തൊഴിലാളിവിരുദ്ധ നയങ്ങളെ കൂട്ടായി എതിർത്തുപരാജയപ്പെടുത്തേണ്ടത് തൊഴിലാളി വർഗത്തിന്റെ കടമയാണ്. 2014 സെപ്തംബർ 15ന് ഡൽഹിയിൽ ചേർന്ന ട്രേഡ് യൂണിയനുകളുടെ ഐക്യവേദി അതിശക്തമായ സമരം ഉയർത്തിക്കൊണ്ടുവരാൻ തീരുമാനിച്ചിരിക്കുകയാണ്. 2014 ഡിസംബർ 5 ന് രാജ്യവ്യാപകമായി നടക്കുന്ന പ്രക്ഷോഭത്തിൽ എല്ലാവരും പങ്കെടുത്ത് നമ്മുടെ കർത്തവ്യം നിർവഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

യു.ഡി.എഫ് സർക്കാരിന്റെ അഴിമതിയും ധൂർത്തും മൂലം കേരളം അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങുകയാണ്. അധികാരത്തിൽ വന്നയുടൻ നികുതിനിരക്കുകൾ, വൈദ്യുതിചാർജ്, ബസ്ചാർജ് എന്നിവ കുത്തനെ ഉയർത്തി ജനങ്ങളുടെ മേൽ അധികഭാരം കെട്ടിവച്ചു. എന്നാൽ നികുതി നിരക്കുകൾ വർദ്ധിപ്പിച്ചിട്ടും നികുതിവരുമാനം വർദ്ധിക്കാത്തത് സർക്കാരിന്റെ പിടിപ്പുകേടാണ്. 2005ന് ശേഷം കേരളാ ട്രഷറി വീണ്ടും ഓവർഡ്രാഫ്ടിലായി. ഇത് പരിഹരിക്കുന്നതിന് ബിവറേജസ് കോർപ്പറേഷനിൽ നിന്നും 300 കോടിരൂപ കടമെടുക്കുകയാണ് സർക്കാർ ചെയ്തത്. അതായത് 300 കോടിരൂപയുടെ ചാരായം കേരളത്തിലെ ജനങ്ങൾ കുടിച്ചുതീർക്കണമത്രെ! പക്ഷേ മദ്യവിരുദ്ധ പ്രസംഗത്തിന് ഒരു കുറവുമില്ല! 12,000 കോടിയോളം രൂപയാണ് കേരളത്തിലെ ധനികവർഗ്ഗത്തിൽനിന്നും നികുതി പിരിഞ്ഞുകിട്ടാനുള്ളത്. ഇത് പിരിച്ചെടുക്കുന്നതിന് പകരം ഭരണഘടനാ വിരുദ്ധമായി മന്ത്രിസഭ ചേർന്ന്, നിയമസഭയെ നോക്കുകുത്തിയാക്കികൊണ്ട്, ജനങ്ങളുടെ തലയിൽ അധിക നികുതി നിരക്കുകൾ അടിച്ചേൽപ്പിച്ചിരിക്കുകാണ്. സമ്പന്ന വർഗ്ഗ പ്രീണനവും പിടിപ്പുകേടും കെടുകാര്യസ്ഥതയും ജനദ്രോഹവും മുഖമുദ്രയാക്കിയ യു.ഡി.എഫ് സർക്കാരിന്റെ തെറ്റായ നയങ്ങൾ തിരുത്തിക്കുന്ന ശക്തമായ പ്രക്ഷോഭം സംസ്ഥാനത്ത് ഉയർന്നു വരികയാണ്.

KSFE യിലെ അസി.മാനേജർ തസ്തികയിലേക്കുള്ള പ്രമോഷനുകൾ മരവിച്ചതിന്റെ കാരണം സത്യസന്ധമായി പരിശോധിച്ച് പ്രശ്നം പരിഹരിക്കുന്നതിനുള്ള കൂട്ടായ പരിശ്രമമാണ് വേണ്ടത്. അതിനുപകരം സ്റ്റാഫ് അസോസിയേഷനെതിരായി കള്ളക്കഥകൾ മെനയുകയാണ് FEEA നേതാവ് കഴിഞ്ഞ മൂന്നുവർഷമായി ചെയ്തുകൊണ്ടിരിക്കുന്നത്. എത്രകാലം ഈ പ്രഹസനം തുടരാനാകും? സ്റ്റാഫ് അസോസിയേഷൻ KSFE യുടെ 'Computer norms' അംഗീകരിച്ചതാണത്രേ പ്രശ്നം! സമ്പൂർണമായി കമ്പ്യൂട്ടർവത്കരിച്ച സ്ഥാപനത്തിൽ Manual norms നിലനിൽക്കില്ലെന്നു മനസിലാക്കാനുള്ള സാമാന്യ വിവേകം സ്റ്റാഫ് അസോസിയേഷനുണ്ട്. എന്നാൽ 4-6-2010ന് അന്നത്തെ ധനകാര്യമന്ത്രി കൂടി കൈയ്യൊപ്പ് ചാർത്തിയ കരാറിൽ ശ്രീ.ആര്യാടൻമുഹമ്മദും ശ്രീ.പി.എസ്.സുരാജും ഒപ്പിട്ടത് സ്റ്റാഫ് അസോസിയേഷൻ പ്രതിനിധികളായിട്ടായിരുന്നോ എന്ന് FEEA അംഗങ്ങളോടെങ്കിലും വിശദീകരിക്കാൻ FEEA നേതാവ് തയ്യാറാകുമോ? (സ്വയം സംസാരിക്കുന്ന പ്രസ്തുത കരാറിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ആയിരം കള്ളങ്ങൾ മൂടാൻ ശ്രമിച്ചാലും കരാറിലെ ഒപ്പ് മായില്ല!) ഇനിയെങ്കിലും ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കാതിരുന്നാൽ നന്ന്.

സ്ഥാപന പുനഃസംഘടനയ്ക്കനുസൃതമായി ശാഖകളിൽ പുനഃസംഘടനയാവശ്യമാണ്. അസിസ്റ്റന്റ് മാനേജർ തസ്തിക ശക്തിപ്പെടുത്തുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ സ്റ്റാഫ് അസോസിയേഷൻ മാനേജ്മെന്റിന് സമർപ്പിക്കുകയും അതിന്റെ കൂടിയടിസ്ഥാനത്തിൽ ചർച്ച നടക്കുകയും ചെയ്തതാണ്. നിലവിലുള്ള ചെയർമാനും മാനേജിംഗ് ഡയറക്ടറും നമ്മുടെ നിർദ്ദേശം തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. എന്നാൽ തുടർ ചർച്ചയ്ക്കുള്ള സാധ്യതകൾ പൂർണമായി അടച്ചുകൊണ്ട്, മാനേജ്മെന്റിന് മുകളിലൂടെ സർക്കാരിലുള്ള രാഷ്ട്രീയസ്വാധീനം ഉപയോഗിച്ച് പ്രമോഷൻ വാങ്ങിയെടുക്കുകയാണ് FEEA നേതാവ് ചെയ്തത്. FEEA നേതാവിന്റെ വ്യക്തി താത്പര്യമാണ് യഥാർത്ഥത്തിൽ ഇപ്പോഴുള്ള പ്രതിസന്ധിയുടെ അടിസ്ഥാന കാരണം. എന്നാൽ Non-Cader പ്രമോഷൻ ആണ് FEEA നേതാവ് 'വളരെ പ്രയാസപ്പെട്ട്' സമ്പാദിച്ചത്; അതും One time measure എന്ന നിബന്ധനയോടു കൂടി. സ്റ്റാഫ് അസോസിയേഷനും മാനേജ്മെന്റും ഒപ്പിട്ട ശമ്പളപരിഷ്കരണ കരാറിലെ വ്യവസ്ഥയനുസരിച്ചാണ് FEEA നേതാവുൾപ്പെടെയുള്ളവർക്ക് Cader പ്രമോഷൻ ലഭിച്ചത്. അധിക്ഷേപം ചൊരിയുമ്പോൾ ഇതുകൂടി ഓർക്കുന്നത് നല്ലത്!

പെൻഷൻ ഫണ്ടിലെ 'Corpus fund'ലെ deficit നികത്തുന്നതിന് 50 കോടി രൂപ നൽകാമെന്ന നിർദ്ദേശമാണ് കഴിഞ്ഞ എൽ.ഡി.എഫ് മാനേജ്മെന്റ് മുന്നോട്ടു വച്ചത്. പി.എഫ് വിഹിതത്തിന് പുറമേ പെൻഷൻഫണ്ടിലേക്ക് തുക നൽകാമെന്ന നിർദ്ദേശം ആദ്യമായാണ് ഒരു മാനേജ്മെന്റ് മുന്നോട്ട് വയ്ക്കുന്നത്. അധിക ബിസിനസ് ചെയ്ത് സഹകരിക്കണമെന്നൊരു വ്യവസ്ഥയും വച്ചു. FEEA യുടെ അന്നത്തെ നേതാവും ഇപ്പോഴത്തെ നേതാവും കൂടി ചർച്ച പൊളിച്ചടുക്കി. പെൻഷന് വേണ്ടി അധിക ബിസിനസ് ചെയ്യാൻ കഴിയില്ലയെന്ന് നോട്ടീസും ഇറക്കി. പെൻഷനില്ലാതെതന്നെ KSFE ജീവനക്കാർ അധിക ബിസിനസ് ചെയ്യുന്നു. എന്നിട്ടും FEEA നേതാവിന് ഒരു കുറ്റബോധവുമില്ല! ജീവനക്കാരുടെ പെൻഷൻ വിഷയത്തിൽ യു.ഡി.എഫ് സർക്കാരിന് അനുകൂല നിലപാടാണു പോലും! എന്നിട്ടാണോ ജീവനക്കാരുടെ പി.എഫ് ഉപയോഗിച്ച് രൂപീകരിക്കുന്ന പെൻഷൻ ഫണ്ടിനുപോലും നയാപൈസ തരാത്തത്? എന്തിന് പെൻഷൻഫണ്ടിന് ഗാരന്റി നിൽക്കാൻ പോലും തയ്യാറാകാത്തത്? എല്ലാ വാതിലുകളും തങ്ങൾക്ക് മുമ്പിൽ കൊട്ടിയടയ്ക്കപ്പെട്ടുവെന്ന് ബോധ്യപ്പെട്ടപ്പോഴാണല്ലോ സ്വന്തം പി.എഫ് അക്കൗണ്ടിലുള്ള തുക മുൻകാല പ്രാബല്യത്തോടെ പെൻഷൻ ഫണ്ടിലേയ്ക്ക് മാറ്റി പെൻഷൻ വർധിപ്പിക്കണമെന്ന ആവശ്യവുമായി ജീവനക്കാരുടെ സംഘടനകൾ കൂട്ടായി സുപ്രീംകോടതിയെ സമീപിച്ചത്. സ്വന്തം പി.എഫ് തുകയിൽ നിന്നും പെൻഷൻഫണ്ടിലേയ്ക്ക് തുക വകയിരുത്തി പെൻഷൻ തുക വർധിപ്പിക്കുന്നതിന് പോലും സ്വന്തം പോക്കറ്റിൽ നിന്നും പണം ചെലവഴിച്ച് കേസ് നടത്തേണ്ട ഗതികേടിലാണ് ജീവനക്കാർ. കേന്ദ്രസർക്കാരാകട്ടെ പി.എഫ് പെൻഷൻ അനാകർഷമാക്കുന്നതിന് പുതിയ വ്യവസ്ഥകൾ അടിച്ചേൽപിക്കുകയാണ്. നമ്മുടെ കേസ് സുപ്രീം കോടതിയുടെ പരിഗണനയിലാണ്. നമുക്കനുകൂലമായി മാനേജ്മെന്റും കേസിൽ കക്ഷി ചേരുമെന്നറിയിച്ചിട്ടുണ്ട്. വസ്തുതകൾ ഇതായിരിക്കെ, ജീവനക്കാരെ ഭിന്നിപ്പിക്കാനും തെറ്റിദ്ധരിപ്പിക്കാനുമുള്ള നീക്കത്തിൽ നിന്ന് FEEA നേതാവ് പിന്മാറണമെന്ന് അഭ്യർത്ഥിക്കുന്നു.

റിട്ടയർമെന്റ് പ്രായം ഉയർത്തണമെന്ന് ആവശ്യപ്പെടുന്നവർ തന്നെയാണ് മറുവശത്തുകൂടി അട്ടിമറിക്കുന്നതും. കഴിഞ്ഞ ഇൻസെന്റീവ് ചർച്ചയിൽ പ്രശ്നം ഉയർന്നു വന്നപ്പോൾ ചെയർമാൻ പറഞ്ഞത് "എതിരായി പ്രവർത്തിച്ച ശക്തിയെ എനിക്ക് നിശ്ചയമായും അറിയാം. മീൻ ഇത്തിരി പോയെങ്കിലും, പൂച്ചയുടെ

സ്വഭാവം മനസ്സിലായി" എന്നാണ്. പൂച്ചയാരെന്ന് ഇതിനകം തന്നെ എല്ലാവർക്കും മനസിലായി കഴിഞ്ഞു കാണുമെന്നതിനാൽ ഞങ്ങൾ കൂടുതൽ വിശദീകരിക്കുന്നില്ല.

ഓഫീസ് അറ്റൻഡന്റ്മാരുടെ പ്രമോഷൻ അനുപാതം 5%ൽ 10% ആയി ഉയർത്തുന്നതിന് ബഹു. മുഖ്യമന്ത്രിക്കും ബഹു.ധനമന്ത്രിക്കും KSFE ജീവനക്കാരുടെ നിവേദനം സി.ഐ.ടി.യു സംസ്ഥാന പ്രസിഡന്റ് സ:ആനത്തലവട്ടം ആനന്ദൻ മുഖേനയാണ് സ്റ്റാഫ് അസോസിയേഷൻ നൽകിയത്. കൂടെ നിൽക്കുന്നതിനു പകരം SA യെ പരിഹസിച്ച് നോട്ടീസ് ഇറക്കുകയാണ് FEEA നേതൃത്വം ചെയ്തത്. നിവേദനം നൽകുക മാത്രമല്ല തുടർന്നു സംഘടന നടത്തിയ ശക്തമായ ഇടപെടലുകളെ തുടർന്ന് വരും ദിവസങ്ങളിൽ തന്നെ നമുക്കനുകൂലമായ തീരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിയ്ക്കുകയാണ്. ഓഫീസ് അറ്റൻഡന്റ് വിഭാഗം ജീവനക്കാർക്ക് ആശ്വാസം പകരുന്ന സംഗതിയാണിത്. എന്നാൽ ഈ ഫയൽ പി.എസ്.സിയുടെ പരിഗണനയിൽ ഇരിക്കുന്ന സമയത്താണ് പി.എസ്.സിയെ അധിക്ഷേപിച്ച് FEEA നേതാവ് വീണ്ടും നോട്ടീസ് ഇറക്കിയത്. എന്തായിരുന്നു അതിന്റെ ലക്ഷ്യം? സീനിയോറിറ്റിയുടെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ 10% തസ്തികകൾ ഓഫീസ് അറ്റൻഡന്റിന് സംവരണം ചെയ്ത സർക്കാർ ഉത്തരവ് KSFE യിൽ നടപ്പാക്കുന്നത് ഇനിയും വൈകുന്നത് ആശാസ്യമല്ല. ജീവനക്കാർക്ക് അനുകൂല തീരുമാനങ്ങളെ അട്ടിമറിയ്ക്കുന്ന ശക്തമായ ഒരു കോക്കസ് ഡയറക്ടർ ബോർഡിൽ പ്രവർത്തിയ്ക്കുന്നുവെന്ന സംശയം ബലപ്പെടുകയാണ്. അവരുടെ വാലായി ജീവനക്കാരുടെ ഒരു സംഘടന പ്രവർത്തിക്കുന്നു. ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങളെ അട്ടിമറിയ്ക്കുന്ന ഇത്തരം പ്രവർത്തനങ്ങളെ, നിയന്ത്രിക്കാനുള്ള നിശ്ചയദാർഢ്യം ചെയർമാനും മാനേജിംഗ് ഡയറക്ടർക്കും ഉണ്ടാകണം. കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലും കെ.എസ്.ഇ.ബിയിലും പ്രസ്തുത ഉത്തരവ് ഇതിനകം തന്നെ നടപ്പാക്കിക്കഴിഞ്ഞു. SSLC യോഗ്യതയുള്ളവർക്കും കൂടി ഈ ആനുകൂല്യം ലഭിക്കത്തക്കരീതിയിൽ സംഘടന നൽകിയ നിർദ്ദേശം പരിഗണിക്കണമെന്ന് നാം വീണ്ടും ആവശ്യപ്പെടുകയാണ്.

സ്ഥലം മാറ്റങ്ങളും പ്രമോഷനുകളും വൈകിപ്പിക്കുന്ന സമീപനം കുറ്റകരമാണ്. ശാഖാ വികസനത്തിന്റെയും ബിസിനസ് വർദ്ധനവിന്റെയും മാനേജർ തസ്തികയിലേക്കുള്ള പ്രമോഷനുകളുടെയും ഫലമായി 200 ഓളം അസിസ്റ്റന്റ് മാനേജർ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അടിയന്തിരമായി പ്രമോഷൻ നൽകി ഒഴിവു നികത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് കൈക്കൂലി വാങ്ങുന്നു എന്ന് ആരോപിച്ച് കൊണ്ട് വൈസ്ചെയർമാനും ഏതാനും ബോർഡംഗങ്ങളും നൽകിയ കത്ത് KSFEയിലും മാധ്യമങ്ങളിലും വ്യാപകമായി പ്രചരിക്കുകയാണ്. അടിയന്തിരമായി അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കണമെന്ന് സംഘടന ആവശ്യപ്പെടുന്നു.

ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന ചെറിയ പിശകുകൾക്ക് കടുത്ത ശിക്ഷയാണ് മാനേജ്മെന്റ് നൽകുന്നത്. MOPയിലെയും Standing order ലെയും ചിട്ടി ആക്ടിലെയും നിർദ്ദിഷ്ട വ്യവസ്ഥകൾ കാണിച്ചാണ് Charge Memoയും Suspension order ഉം നൽകുന്നത്. രാജ്യത്തെ ധനകാര്യ നിയമങ്ങളോ ചട്ടങ്ങളോ ജീവനക്കാർക്ക് പകർന്നു നൽകുന്നതിന് യാതൊന്നും തന്നെ മാനേജ്മെന്റ് ചെയ്യുന്നില്ല. ജീവനക്കാർക്ക് പരിശീലന ക്ലാസുകൾ പോലും നൽകുന്നില്ല. ആയതിനാൽ കീഴ്വഴക്കങ്ങൾ നിയമങ്ങളായി മാറുകയാണ്. MOP എന്നത് ബഹുഭൂരിപക്ഷം ജീവനക്കാരും കണ്ടിട്ടുകൂടിയില്ല. ആയതിനാൽ ധനകാര്യനിയമങ്ങൾ, കമ്പനി നിയമങ്ങൾ, KSFE നിയമങ്ങളും ചട്ടങ്ങളും, കമ്പ്യൂട്ടർ പ്രവർത്തനങ്ങൾ Computer accounting, Customer relation, Marketing etc. വിഷയങ്ങളിൽ വർക്ക്മെൻ ജീവനക്കാർക്ക് വർഷംതോറും പരിശീലനം നൽകണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചയുടെ ഭാഗമായി കമ്പനിക്കുണ്ടാകുന്ന നഷ്ടത്തിന്റെ 50%വും അസിസ്റ്റന്റ് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന രീതി അശാസ്ത്രീയമാണ്. രാജ്യത്തെ ഒരു സാമ്പത്തിക സ്ഥാപനത്തിലും നിലവിലില്ലാത്തതും MOPയിൽ ഇല്ലാത്തതുമായ ഈ കീഴ്വഴക്കം അടിയന്തിരമായി തിരുത്തണമെന്നും സംഘടന ആവശ്യപ്പെടുന്നു. തിരുവനന്തപുരം നഗര ഹൃദയത്തിലെ ഒരു ശാഖയിൽ ഇടപാടുകാരിൽ നിന്നും പിരിച്ച പണം തിരിമറി നടത്തിയതിന് പുറത്താക്കപ്പെട്ട ഏജന്റുമാരെ വീണ്ടും നിയമിക്കാനുള്ള ശ്രമം ശാഖാമാനേജർ നടത്തുകയാണ്. KSFE യിൽനിന്നും വൈകാതെ വിരമിക്കുന്ന ഒരു ഉന്നത ഉദ്യോഗസ്ഥന്റെ പിന്തുണയോടെയാണ് ഈ നീക്കം. ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന ഈ വിഷയത്തിൽ KSFE മാനേജ്മെന്റ് ഇടപെടണമെന്നും സംഘടന ആവശ്യപ്പെടുന്നു.

കമ്പനി ചട്ടങ്ങൾക്ക് വിരുദ്ധമായി വൈസ് ചെയർമാന് നൽകിയ അധികാരങ്ങൾ അടിയന്തിരമായി റദ്ദ് ചെയ്യണമെന്ന് കേരള സർക്കാരിനോട് ഞങ്ങൾ വീണ്ടും ആവശ്യപ്പെടുന്നു.

അഭിവാദനങ്ങളോടെ,

തൃശൂർ,
29-09-2014.

**എസ്.മുരളികൃഷ്ണപിള്ള**
ജനറൽ സെക്രട്ടറി

# നുണപ്രചരണങ്ങൾക്കെതിരെ ശബ്ദിക്കുന്ന രേഖ

**MINUTES OF THE MEETING HELD AT THE CHAMBER OF THE HON'BLE MINISTER FOR FINANCE WITH THE MANAGEMENT & WORKMEN UNION REPRESENTATIVES ON 04/06/2010**

Meeting started with the opening remarks of Hon'ble Finance Minister. He has stated that the ratio of emoluments of employees to total income is on a very higher side. This trend must be urgently arrested by having a check on the basic parameters of salary components as far as the present wage revision is concerned. The MD has also supplemented with the similar views and opinion. Shri. Aryadan Mohammed and Shri. C.B.C.Warrier have suggested for a better pay package in view of the improved Turnoverr and other results of the Company.

Finally the following points were unanimously agreed upon:
1. Merger of DA at the rate of 41% (as on 01/08/2007)
2. Load factor for revision of the scale at 12.50%
3. Fitment Benefit for salary revision at 14.50%
4. Load factor for determining increment after DA merger at 15%.
5. Service weightage : One increment for 4years and two increments for 8 years.
6. The Staff norms as per the Study report of the KSPC for computerized branches must be agreed upon bilateraaly before 30th June'10
7. For the Non-computerised branches the staff norms must be modified after bilateral discussions before 1st Aug'10.

Meeting ended at 5.30 pm.

1 .Dr. T.M.Thomas Issac : Hon'ble Minister for Finance, Govt. of Kerala

2. Adv. Mani Vithayathil : Chairman, KSFE Ltd

3. Shri P.C.Pillai : Managing Director, KSFE Ltd

4.Shri.C.B.C.Warrier, : President, KSFESA

5.Shri.Aryadan Mohammed : President, FEEA

6 Sri P.S Suraj Genral Secretary FEEA

7. Shri. S. Muraleekrishna Pillai: General Secretary KSFESA

NB:- ഈ നോട്ടീസ് എല്ലാ അംഗങ്ങളും കണ്ടുവെന്ന് യൂണിറ്റ് കൺവീനർമാർ ഉറപ്പുവരുത്തേണ്ടതാണ്.